# പത്രക്കുറിപ്പ്

## "അറിവാണ് പ്രതിരോധം"–

## പോലീസിന്റെ ക്യാൻസർ ബോധവൽക്കരണ പരിപാടി

തിരുവനന്തപുരം: ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസും പോലീസ് അസ്സോസ്സിയേഷൻ ജില്ലാ കമ്മറ്റിയും കിംസ് ക്യാൻസർ സെന്ററും സംയുക്തമായി 'അറിവാണ് പ്രതിരോധം' എന്ന പേരിൽ ക്യാൻസർ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. നന്ദാവനം എ.ആർ ക്യാംപിൽ വച്ച് നടന്ന പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി മനോജ് എബ്രഹാം നിർവ്വഹിച്ചു. സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ കിംസ് ക്യാൻസർ സെന്റർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രശ്മി അയ്ഷ മുഖ്യപ്രഭാഷണം നടത്തി. ഡി.സി.പി ജയദേവ്, കമാൻഡന്റ് ബിജുകുമാർ, പോലീസ് അസ്സോസ്സിയേഷൻ ഭാരവാഹികളായ റ്റി.എസ് ബൈജു, സെന്തിൽ എന്നിവർ സംബന്ധിച്ചു. മെഡിക്കൽകോളേജ് പാലീസ് ഇൻസ്പെക്ടർ ബിനുകുമാർ സ്വാഗതവും പോലീസ് അസ്സോസ്സിയേഷൻ ജില്ലാ സെക്രട്ടറി ദീപു കൃതഞ്ജതയും പറഞ്ഞു. തുടർന്ന് നടന്ന ക്യാൻസർ ബോധവൽക്കരണ ക്ളാസ്സിന് ഡോക്ടർമാരായ സന്ധീപ് പിള്ള, ചെറിയാൻ തമ്പി എന്നിവർ നേതൃത്വം നൽകി. സിറ്റിയിലെ എല്ലാ യൂണിറ്റിൽ നിന്നുമുള്ള പോലീസ് ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തതായി സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു.

Office of the DIG & District Police Chief ★ Thiruvananthapuram City ★

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി